MONDAY

21.05.2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR     Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/05/2024

1. സർക്കാരിന്റെ നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം ജില്ലയിൽ 92,419 തൈകൾ വിതരണം ചെയ്യുന്നു. പത്താമുദയ നടീലിനായി വിതരണം നടത്തിയ ശേഷം ബാക്കിയുള്ള 86,419 തൈകൾ കാലവർഷാരംഭത്തോടെ കൃഷിഭവനുകൾ മുഖേന വിതരണം ചെയ്യും. നെടിയ ഇനമായ ഡബ്ല്യു.സി.ടി, കുറിയയിനങ്ങളായ ചാവക്കാട് ഓറഞ്ച്, ചാവക്കാട് ഗ്രീൻ, സങ്കരയിനമായ കേരശ്രീ എന്നിവയുടെ ഗുണമേന്മയുള്ള തൈകൾ 50 ശതമാനം സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്. ഡബ്ല്യു.സി.ടി/കുറിയയിന തൈകൾക്ക് സബ്സിഡി കഴിച്ച് 50 രൂപയും സങ്കരയിനത്തിന് 125 രൂപയുമാണ്. തൈകൾ ആവശ്യമുള്ളവർക്ക് മെയ് 20 മുതൽ കൃഷിഭവനുകളിൽ നേരിട്ടും ഫോൺ മുഖേനയും ബുക്ക് ചെയ്യാമെന്ന് ജില്ലാ കൃഷി ഓഫീസർ അറിയിച്ചു.

2. കേരള കാർഷിക സർവകലാശാല പട്ടാമ്പി പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പ്രൊജക്റ്റ് അസ്സിസ്റ്റന്റിന്റെ താൽക്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട തിയ്യതി 27.05.2024 . കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ +91466 2212228 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്

3. ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, പീലിക്കോടിൽ ഉത്പാദിപ്പിച്ച സങ്കരയിനം തെങ്ങിൻ തൈകൾ പരിമിതമായ എണ്ണത്തിൽ ഒരു റേഷൻ കാർഡിന് 10 എണ്ണം വീതം വിതരണം ചെയ്യുന്നു. അപേക്ഷകർ മെയ് മാസം 15 മുതൽ 25 വരെ 0467 2260632 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് തെങ്ങിൻ തൈകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടുതൽ തെങ്ങിൻ തൈകൾ പരമാവധി അൻപത് എണ്ണം വരെ ആവശ്യമുള്ളവർ കൃഷി ഭൂമി സംബന്ധിച്ച

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വിവരങ്ങൾ മുൻകൂട്ടി ബുക്കിംഗ് സമയത്ത് അറിയിക്കേണ്ടതാണ്. തൈകളുടെ ലഭ്യതയ്ക്കനുസരിച്ച് ബുക്കിംഗ് പരിമിതപ്പെടുത്തുന്നതായിരിക്കും. ജൂൺ മാസം ആദ്യവാരം മുതൽ തൈകളുടെ വിതരണം ആരംഭിക്കും. ഒരു തെങ്ങിൻ തൈയുടെ വില 325 രൂപ .

4. . നൻമ, മേൻമ, ശ്രേയ- മരച്ചീനി ഇല അധിഷ്ഠിത ജൈവ ഉൽപന്നങ്ങൾ സി. റ്റി. സി. ആർ. ഐ. യിൽനിന്നും ലഭിക്കും. നൻമ, മേൻമ, ശ്രേയ എന്നീ പരിസ്ഥിതി സൗഹൃദ മരച്ചീനി അധിഷ്ഠിത ജൈവഉൽപന്നങ്ങൾ വാഴയിലെ തടതുരപ്പൻ പോലുള്ള തുരപ്പൻ കീടങ്ങൾ; മീലിമൂട്ട, വെള്ളീച്ചകൾ, ഇലപ്പേനുകൾ, ചെള്ളുകൾ പോലുള്ള വിവിധയിനം നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ; പ്രാരംഭ ഘട്ടത്തിലുള്ള പുഴുക്കൾ എന്നിവയുടെയെല്ലാം നിയന്ത്രണത്തിന് വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ജൈവഉൽപന്നങ്ങൾ വാങ്ങാൻ താല്പര്യമുള്ളവർ ശ്രീകാര്യത്തുള്ള കേന്ദ്രകിഴങ്ങുവിളഗവേഷണസ്ഥാപനത്തിലെ (സി. റ്റി. സി. ആർ. ഐ.) ഫാർമർ ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെടണം.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് **"വിള സുസ്ഥിരതയ്ക്കുള്ള ജൈവ ഇടപെടലുകൾ"** എന്ന വിഷയത്തിൽ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു വരുന്നു. ഈ കോഴ്സിന്റെ രണ്ടാമത്തെ ബാച്ചിലേക്കായി പ്ലസ്ടു /തത്തുല്യ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപയും രജിസ്ട്രേഷൻ സ്വീകരിക്കുന്ന പക്ഷം കോഴ്സ് ഫീസ് 4000 രൂപയും അടക്കേണ്ടതാണ്. (മേൽ തുകകൾ തിരികെ നൽകുന്നതല്ല.) ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ച് നടത്തുന്ന ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇ-സർട്ടിഫിക്കറ്റ്

നല്കുന്നതാണ്. ജൈവ ഫാമുകളിലെ ജോലിക്കും സംരംഭങ്ങൾക്കും ഈ കോഴ്സ് വഴിയൊരുക്കും.കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2371104

6. കേരള വെറ്ററിനറി ആൻ്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സംരംഭകത്വവിഭാഗം പൂക്കോട് ഡയറി സയൻസ് കോളേജിൽ വെച്ച് മെയ് 27, 28, 29 തിയ്യതികളിലായി ചീസിൻ്റെ (പാൽക്കട്ടി) ശാസ്ത്രീയമായ ഉല്പാദനരീതിയിൽ പരിശീലനം നൽകുന്നു. താല്പര്യമുള്ള ക്ഷീരകർഷകരും സംരംഭകരും 9744975460 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 3000/- രൂപ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം